പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1851 — 17-12-2012 -ൽ മറുപടിക്ക്.

## മദ്യവിരുദ്ധ ബോധവത്കരണ ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" ലൂഡി ലൂയിസ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനാടിസ്ഥാനത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധ ബോധവത്ക്കരണ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി, 2011-12 വർഷത്തിൽ, 306 മദ്യ-ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, 2012-13 വർഷത്തിൽ 500 പുതിയ മദ്യ-ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) ഓരോ ക്ലബ്ബിനും സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ; എങ്കിൽ എത്രയാണ്; | (ബി) ഓരോ ക്ലബ്ബിനും പ്രത്യേകം സാമ്പത്തിക സഹായം ഇതുവരെ അനുവദിച്ചിട്ടില്ല. എന്നാൽ ഈ വർഷം മുതൽ സഹായം നൽകുന്നതിനെക്കുറിച്ച് പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം എക്സൈസ് വകുപ്പ് നിരീക്ഷിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) ഉണ്ട്. ഓരോ റെയ്ഞ്ചിന്റെയും കീഴിൽ വരുന്ന മദ്യ-ലഹരി വിരുദ്ധ ക്ലബ്ബിന്റെ രക്ഷാധികാരികളിൽ ഒരാൾ റെയ്ഞ്ച് ഇൻസ്പെക്ടറാണ്. മദ്യ-ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ എക്സൈസ് വകുപ്പ് നേരിട്ടാണ് നടത്തുന്നത്. കൂടാതെ, എല്ലാ വർഷവും പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന ക്ലബ്ബിന് ക്യാഷ് അവാർഡും ട്രോഫിയും നൽകുന്നതാണ്. |
| (ഡി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, ഓരോ സ്കൂളുകളിലും രൂപീകരിച്ചിട്ടുള്ള മദ്യ-ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ, അതാത് സ്കൂളുകളിൽ കൈയ്യെഴുത്ത് മാസിക, പോസ്റ്റർ മത്സരം, ഉപന്യാസ മത്സരം, മറ്റ് കലാ പരിപാടികൾ എന്നിവ മദ്യ-ലഹരി വിരുദ്ധ ബോധവത്ക്കരണത്തിന്റെ ഭാഗമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ